കൊടുത്തത് ഈ മുൻസിഫിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഈ വോൾട്ടേജ് കുറയ്ക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തെ കൂടിയായ ബഹുമാനപ്പെട്ട മെമ്പർ, അങ്ങ കോടതിയെ സമീപിക്കുകയും, അനിവാര്യമായി ബോർഡിനേയും, ജനങ്ങളേയും ബുദ്ധിമുട്ടിക്കുന്ന നാട്ടുകാരനായ ആ വ്യക്തിയെ സന്ദർശിക്കുകയോ, അദ്ദേഹത്തെക്കൊണ്ട് ഇത് പിൻവലിപ്പിക്കുകയോ ചെയ്ത് ബോർഡിനേയും, ഗവൺമെന്റിനേയും രക്ഷിക്കണമെന്ന് ഒരു മറു അഭ്യർത്ഥന അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്.

(5) നരിപ്പറ ഗവൺമെന്റ് പ്രൈമറി ഹെൽത്തു സെന്ററിന്റെ ശോചനീയാവസ്ഥ

ശ്രീ. കെ. ടി. കുഞ്ഞിരാമൻ: സർ, 1958-ൽ നാട്ടുകാർ സംഭാവന നൽകിയ സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിച്ച് നൽകിയതാണ് നരിപ്പറ ഗ്രാമീണ ഡിസ്പെൻസറി. കഴിഞ്ഞ വർഷം അത് ഒരു പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തിയിരിക്കുകയാണ്. ഇന്ന് ആ കെട്ടിടത്തിൽ ഡോക്ടർക്ക് രോഗികളെ നോക്കി ചികിൽസിക്കുവാനോ, ഉള്ള സൗകര്യമുപയോഗിച്ച് രോഗികളെ കിടത്തി ചികിൽസിക്കുവാനോ കഴിയുകയില്ല. മുപ്പതിനായിരം വരുന്ന ആ പഞ്ചായത്തിലെ ജനങ്ങളുടെ ഏക ആശ്രയമെന്ന നിലയ്ക്ക് നരിപ്പറ ഗ്രാമീണ പ്രൈമറി ഹെൽത്ത് സെന്റർ രോഗിയെന്തിരമായും പുനർ നിർമ്മാണം നടത്തി രോഗികൾക്ക് ചികിൽസാ സൗകര്യം ഏർപ്പെടുത്തുവാനുള്ള സത്വര നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അതിന്റെ ഭവന നിർമ്മാണത്തിനു വേണ്ടി 62,500 രൂപ സാങ്ങ്ഷൻ ചെയ്തു. പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ച് വർക്കു തുടങ്ങുവാനുള്ള ഏർപ്പാട് ചെയ്തു കഴിഞ്ഞു.

(6) മാടക്കത്തറ പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മാടക്കത്തറ പഞ്ചായത്ത് ഒരു മലയോര പഞ്ചായത്താണ്. ഇന്നുവരെ ആ പഞ്ചായത്തിനു ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടില്ല. ഒരു കുഴൽ കിണർ കുഴിച്ച് നോക്കി. പക്ഷേ പരാജയപ്പെടുകയാണ് ചെയ്തത്. മാടക്കത്തറ പഞ്ചായത്തിലെ മാടക്കത്തറ, കുറിച്ചിക്കര എന്നീ രണ്ടു വില്ലേജുകളും ചേർപ്പ് വില്ലേജുകളായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. വരൾച്ച രൂക്ഷമാകുമ്പോൾ മുൻഗണന നൽകി ലോറികളിൽ വെള്ളം വിതരണം ചെയ്യുന്ന ഒരു പഞ്ചായത്താണിത്. ഇപ്പോൾ ശുദ്ധജലം കിട്ടാതെ ജനങ്ങൾ നട്ടം തിരിയുകയാണ്. മാടക്കത്തറ പഞ്ചായത്തിൽ സമഗ്രമായ ഒരു ശുദ്ധജല വിതരണ പദ്ധതി (എന്റെ മണ്ഡലത്തിലെ പീച്ചിയിൽനിന്ന് കൊണ്ടുവരുന്ന വെള്ളം സംഭരിക്കുന്ന തൃശ്ശൂർ ആഗ്രമെന്റേഷൻ പദ്ധതിയുടെ ഭാഗമായി ഒരു സ്കീം) തയ്യാറാക്കിയിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. ഇന്നും അത് കോൾഡ് സ്റ്റോറേജിൽ കിടക്കുകയാണ്. മാടക്കത്തറ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി ഒരു യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly